**മധുരമായ കുട്ടികളേ– നിങ്ങളെല്ലാവരും അന്യോന്യം ഏകമതത്തിലാണ്, നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ എല്ലാ ഭൂതങ്ങളും ഓടിപ്പോകും.**

**ചോദ്യം–** കോടാനുകോടി ഭാഗ്യശാലിയാകുന്നതിനുള്ള മുഖ്യ ആധാരം എന്താണ്?
**ഉത്തരം–** ബാബ എന്താണോ കേൾപ്പിക്കുന്നത്, ആ ഓരോ കാര്യങ്ങളേയും ധാരണ ചെയ്യുന്നവർ തന്നെയാണ് കോടാനുകോടി ഭാഗ്യശാലികളായി മാറുന്നത്. ബാബ എന്താണ് പറയുന്നത് പിന്നെ രാവണ സമ്പ്രദായത്തിലുള്ളവർ എന്താണ് പറയുന്നത് എന്ന് തീരുമാനിക്കൂ. ബാബ നൽകുന്ന ജ്ഞാനത്തെ ബുദ്ധിയിൽ വെയ്ക്കണം, സ്വദർശന ചക്രധാരിയായി മാറുക എന്നതുതന്നെയാണ് കോടാനുകോടി ഭാഗ്യശാലിയാവുക എന്നത്. ഈ ജ്ഞാനത്തിലൂടെ തന്നെയാണ് നിങ്ങൾ ഗുണവാനായി മാറുന്നത്.

**ഓംശാന്തി.** ആത്മീയ പിതാവ്, ഇംഗ്ലീഷിൽ സ്പിരിചൽ ഫാദർ എന്ന് വിളിക്കും. സത്യയുഗത്തിലേയ്ക്ക് നിങ്ങൾ പോകുമ്പോൾ അവിടെ ഇംഗ്ലീഷ് മുതലായ രണ്ടാമതൊരു ഭാഷ ഉണ്ടാവില്ല. നിങ്ങൾക്ക് അറിയാം സത്യയുഗം നമ്മുടെ രാജ്യമാണ്, അതിൽ നമ്മുടെ ഭാഷ എന്താണോ അതാണ് ഉണ്ടാവുക. പിന്നീട് ആ ഭാഷ മാറിക്കൊണ്ടിരിക്കും. ഇപ്പോഴാണെങ്കിൽ അനേകം ഭാഷകളുണ്ട്. രാജ്യം എങ്ങനെയുള്ളതാണോ അങ്ങനെയുള്ള ഭാഷയും ഉണ്ടാകും. ഇപ്പോൾ മുഴുവൻ കുട്ടികൾക്കും ഇത് അറിയാം, മുഴുവൻ സെന്ററുകളിലും ഉള്ള കുട്ടികളുടേത് ഏക മതമാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം പിന്നെ ബാബയെ ഓർമ്മിക്കണം എങ്കിലേ ഭൂതങ്ങളെല്ലാം ഓടിപ്പോകൂ. ബാബയാണ് പതിതപാവനൻ. 5 ഭൂതങ്ങൾ എല്ലാവരിലും പ്രവേശിച്ചിട്ടുണ്ട്. ആത്മാവിൽ തന്നെയാണ് ഭൂതങ്ങൾ പ്രവേശിക്കുന്നത് പിന്നീട് ഈ ഭൂതങ്ങൾക്ക് പേരും ഇട്ടിട്ടുണ്ട് അതായത് ദേഹാഭിമാനം, കാമം, ക്രോധം മുതലായവ. സർവ്വവ്യാപിയായത് ഈശ്വരനാണ് എന്നല്ല. ആരെങ്കിലും ഈശ്വരൻ സർവ്വവ്യാപിയാണ് എന്ന് പറയുകയാണെങ്കിൽ പറയൂ സർവ്വവ്യാപി ആത്മാക്കളാണ് മാത്രമല്ല ഈ ആത്മാക്കളിൽ 5 വികാരങ്ങൾ സർവ്വവ്യാപിയാണ്. അല്ലാതെ പരമാത്മാവ് എല്ലാത്തിലും വ്യാപിച്ചിരിക്കുന്നു എന്നല്ല. പരമാത്മാവിൽ ഈ 5 ഭുതങ്ങൾ എങ്ങനെ പ്രവേശിക്കും! ഓരോ കാര്യങ്ങളേയും നല്ലരീതിയിൽ ധാരണ ചെയ്യുന്നതിലൂടെ നിങ്ങൾ കോടാനുകോടി ഭാഗ്യശാലികളായി മാറും. ലോകത്തിലുള്ള രാവണ സമ്പ്രദായത്തിലുള്ളവർ എന്താണ് പറയുന്നത് പിന്നെ ബാബ എന്താണ് പറയുന്നത്, ഇപ്പോൾ നിർണ്ണയിക്കൂ. ഓരോരുത്തരുടേയും ശരീരത്തിൽ ആത്മാവുണ്ട്. ആ ആത്മാവിൽ 5 വികാരങ്ങൾ പ്രവേശിച്ചിട്ടുണ്ട്. ശരീരത്തിലല്ല, ആത്മാവിലാണ് 5 വികാരങ്ങൾ അഥവാ ഭൂതങ്ങൾ പ്രവേശിച്ചിരിക്കുന്നത്. സത്യയുഗത്തിൽ ഈ 5 ഭൂതങ്ങൾ ഉണ്ടാകില്ല. പേരുതന്നെ ദൈവീകലോകം എന്നാണ്. പിശാച് എന്ന് പറയുന്നത് അസുരന്മാരെയാണ്. എത്ര രാവും പകലും തമ്മിലുള്ള വ്യത്യാസമാണ്. ഇപ്പോൾ നിങ്ങൾ പരിവർത്തനപ്പെടുകയാണ്. അവിടെ നിങ്ങളിൽ ഒരു വികാരവും, ഒരു അവഗുണവും ഉണ്ടായിരിക്കില്ല. നിങ്ങളിൽ സമ്പൂർണ്ണ ഗുണങ്ങളും ഉണ്ടാകും. നിങ്ങൾ 16 കലാ സമ്പൂർണ്ണരായി മാറുകയാണ്. ആദ്യം ഉണ്ടായിരുന്നു പിന്നീട് കീഴോട്ടിറങ്ങുന്നു. ഈ ചക്രത്തിന്റെ അറിവ് ഇപ്പോഴാണ് ലഭിച്ചത്. 84 ന്റെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്. നമ്മൾ ആത്മാക്കൾക്ക് തന്റെ സ്വന്തം ദർശനം ഉണ്ടായി അർത്ഥം ഈ ചക്രത്തിന്റെ ജ്ഞാനം ലഭിച്ചു. എഴുന്നേൽക്കുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും നിങ്ങളുടെ ബുദ്ധിയിൽ ഈ ജ്ഞാനം ഉണ്ടായിരിക്കണം. ബാബ ജ്ഞാനം പഠിപ്പിക്കുകയാണ്. ഈ ആത്മീയ ജ്ഞാനം ബാബ ഭാരതത്തിൽ വന്നാണ് നൽകുന്നത്. നമ്മുടെ ഭാരതം– എന്ന് പറയാറില്ലേ. വാസ്തവത്തിൽ ഹിന്ദുസ്ഥാൻ എന്ന് പറയുന്നത് തെറ്റാണ്. നിങ്ങൾക്ക് അറിയാം ഭാരതം എപ്പോഴാണോ സ്വർഗ്ഗമായിരുന്നത് അപ്പോൾ നമ്മുടെ രാജ്യം മാത്രമേ ഉണ്ടായിരുന്നുള്ളു മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. പുതിയ ലോകമായിരുന്നു. ന്യൂ ഡെൽഹി എന്ന് പറയാറില്ലേ. ഡെൽഹിയുടെ പേര് യഥാർത്ഥത്തിൽ ഡെൽഹി എന്നായിരുന്നില്ല പരിസ്ഥാൻ എന്നായിരുന്നു. ഇപ്പോൾ പുതിയ ഡെൽഹി, പഴയ ഡെൽഹി എന്നു പറയുന്നു ഇനി പുതിയ ഡെൽഹിയോ പഴയ ഡെൽഹിയോ ഉണ്ടാകില്ല. പരിസ്ഥാൻ എന്നാണ് വിളിക്കുക. ഡെൽഹിയെ തലസ്ഥാനം എന്ന് പറയുന്നു. ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടാകും, മറ്റൊന്നും ഉണ്ടാകില്ല, നമ്മുടെ തന്നെ രാജ്യം ഉണ്ടാകും. ഇപ്പോൾ രാജ്യമില്ല അതിനാൽ നമ്മുടെ ഭാരത ദേശം എന്ന് പറയുക മാത്രം ചെയ്യുന്നു. രാജാക്കന്മാർ ഇല്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനത്തിന്റേയും ചക്രം കറങ്ങണം. ആദ്യമാദ്യം ഈ വിശ്വത്തിൽ ദേവീ ദേവതകളുടെ രാജ്യമുണ്ടായിരുന്നു അപ്പോൾ മറ്റൊരു രാജ്യവും ഉണ്ടായിരുന്നില്ല. യമുനയുടെ തീരത്തായിരുന്നു, അതിനെ പരിസ്ഥാൻ എന്നാണ് വിളിച്ചിരുന്നത്. ദേവതകളുടെ തലസ്ഥാനം ഡെൽഹി തന്നെയായിരുന്നു അതിനാലാണ് എല്ലാവർക്കും ആകർഷണം തോന്നുന്നത്. ഏറ്റവും വലുതാണ്, തീർത്തും നടുവിലുമാണ്.

മധുര മധുരമായ കുട്ടികൾക്ക് അറിയാം പാപം തീർച്ചയായും ഉണ്ടായിട്ടുണ്ട്, പാപാത്മാവായി മാറിയിരിക്കുന്നു. സത്യയുഗത്തിൽ പുണ്യാത്മാക്കളാണ് ഉണ്ടാവുക. ബാബ തന്നെയാണ് വന്ന് പാവനമാക്കി മാറ്റുന്നത് അതിനെയാണ് നിങ്ങൾ ശിവജയന്തി ആഘോഷിക്കുന്നത്. ജയന്തി എന്ന വാക്ക് എല്ലാവർക്കും വേണ്ടി ഉപയോഗിക്കുന്നു അതിനാൽ ഇതിനെ ശിവരാത്രി എന്നു പറയുന്നു. രാത്രിയുടെ അർത്ഥം നിങ്ങൾക്ക് അല്ലാതെ മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. നല്ല-നല്ല വിദ്വാന്മാർ പണ്ഢിതന്മാർപോലും മനസ്സിലാക്കുന്നില്ല ശിവരാത്രി എന്നാൽ എന്താണെന്ന് എങ്കിൽ പിന്നെ ആഘോഷിക്കുമോ! ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് രാത്രിയുടെ അർത്ഥം എന്താണ്? ഈ 5000 വർഷത്തിന്റെ ചക്രത്തിൽ സുഖത്തിന്റേയും ദുഃഖത്തിന്റേയും കളിയാണ്, സുഖത്തെ പകൽ എന്നും ദുഃഖത്തെ രാത്രിയെന്നും പറയുന്നു. അതിനാൽ രാത്രിയുടേയും പകലിന്റേയും ഇടയിൽ സംഗമം വരുന്നു. അരകല്പം വെളിച്ചമാണ്, അരകല്പം അന്ധകാരമാണ്. ഭക്തി ഒരുപാട് കാലം നിൽക്കും. എന്നാൽ ഇവിടെ സെക്കന്റിന്റെ കാര്യമാണ്. വളരെ എളുപ്പമാണ്, സഹജയോഗമാണ്. നിങ്ങൾക്ക് ആദ്യം മുക്തിധാമത്തിലേയ്ക്ക് പോകണം. പിന്നീട് നിങ്ങൾ ജീവന്മുക്തിയിലും ജീവൻ ബന്ധനത്തിലും എത്ര സമയം കഴിഞ്ഞു, ഇത് നിങ്ങൾ കുട്ടികൾക്ക് ഓർമ്മയുണ്ട് എന്നിട്ടും ഓരോ നിമിഷവും മറക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്നു യോഗം എന്ന വാക്ക് ശരിയാണ് പക്ഷേ അവരുടേത് ഭൗതീക യോഗമാണ്. ഇത് ആത്മാക്കൾക്ക് പരമാത്മാവുമായുള്ള യോഗമാണ്. സന്യാസിമാർ അനേക പ്രകാരത്തിലുള്ള ഹഠയോഗം മുതലായവ പഠിപ്പിക്കുമ്പോൾ മനുഷ്യർ ആശയക്കുഴപ്പത്തിലേയ്ക്ക് വരുന്നു. ബാബ നിങ്ങൾ കുട്ടികളുടെ അച്ഛനാണ് ഒപ്പം ടീച്ചറുമാണ്, അതിനാൽ ബാബയുമായി യോഗം വെയ്ക്കണ്ടേ. ടീച്ചറിൽ നിന്നും പഠിക്കണം. കുട്ടി ജന്മമെടുക്കുമ്പോൾ അച്ഛനുമായി ബന്ധമുണ്ടാകുന്നു പിന്നീട് 5 വർഷമായാൽ ടീച്ചറുമായി യോഗം വെയ്ക്കേണ്ടിവരുന്നു പിന്നീട് വാനപ്രസ്ഥ അവസ്ഥയിൽ ഗുരുവുമായി യോഗം വെയ്ക്കുന്നു. മുഖ്യമായി മൂന്നുപേരെ ഓർമ്മിക്കുന്നു. മൂന്നുപേരും വേറെ വേറെയായിരിക്കും. ഇവിടെ ബാബ ഒരേയൊരു തവണ വന്ന് അച്ഛനുമാകുന്നു ടീച്ചറുമാകുന്നു. അത്ഭുതമല്ലേ. ഇങ്ങനെയുള്ള അച്ഛനെ തീർച്ചയായും ഓർമ്മിക്കണം. ജന്മ ജന്മാന്തരങ്ങളായി മൂന്നുപേരെയും വേറെ വേറെ ഓർമ്മിച്ചുവരുന്നു. സത്യയുഗത്തിലും ആദ്യം അച്ഛനുമായി യോഗമുണ്ടാകും പിന്നെ ടീച്ചറുമായി യോഗമുണ്ടാകും. പഠിക്കാൻ പോകുമല്ലോ. പിന്നെ ഗുരുവിന്റെ ആവശ്യം അവിടെയില്ല എന്തെന്നാൽ എല്ലാവരും സദ്ഗതിയിലാണ്. ഈ കാര്യങ്ങൾ മുഴുവൻ ഓർമ്മിക്കുന്നതിൽ എന്തുബുദ്ധിമുട്ടാണ് ഉള്ളത്. വളരെ സഹജമാണ്. ഇതിനെ സഹജയോഗം എന്നാണ് പറയുന്നത്. പക്ഷേ ഇത് അസാധാരണമാണ്. ബാബ പറയുന്നു ഇത് ഞാൻ താല്ക്കാലികമായി ലോൺ എടുത്തതാണ്, അതും എത്ര കുറച്ച് സമയത്തേയ്ക്കാണ് എടുക്കുന്നത്. 60 വയസ്സിൽ വാനപ്രസ്ഥ അവസ്ഥയുണ്ടാകുന്നു. പറയുന്നു 60 ആയാൽ ഊന്നുവടിവേണം. ഈ സമയത്ത് എല്ലാവരും ഊന്നുവടിയുമായി നടക്കുകയാണ്. എല്ലാവരും വാനപ്രസ്ഥം അഥവാ നിർവ്വാണധാമത്തിലേയ്ക്ക് പോകും. അത് മധുരമായ വീടാണ്, അതിമധുരമാണ്. അതിനുവേണ്ടി ത്തന്നെ എത്രയധികം ഭക്തി ചെയ്തു. ഇപ്പോൾ ചക്രം കറങ്ങി വന്നിരിക്കുകയാണ്. മനുഷ്യർക്ക് ഇത് ഒന്നും അറിയില്ല, ലക്ഷക്കണക്കിന് വർഷങ്ങളുള്ള ചക്രമാണെന്ന് വെറുതേ പൊങ്ങച്ചം പറയുന്നു. ലക്ഷക്കണക്കിന് വർഷങ്ങളുള്ള ചക്രമാണെങ്കിൽ പിന്നെ വിശ്രമിക്കാൻ പറ്റില്ല. വിശ്രമിക്കുന്നത് തന്നെ പ്രയാസമാകും. നിങ്ങൾക്ക് വിശ്രമം ലഭിക്കുന്നുണ്ട്, അതിനെയാണ് ശാന്തമായ വീട്, നിരാകാരീ ലോകം എന്ന് പറയുന്നത്. ഇവിടെ(മധുബൻ) സ്ഥൂലത്തിലുള്ള മധുരമായ വീടാണ്. പരംധാമമാണ് പ്രധാനമായ മധുരമായ വീട്. ആത്മാവ് തീർത്തും ചെറിയ റോക്കറ്റാണ്, ഇതിലും വേഗത്തിൽ പോകുന്ന മറ്റൊന്ന് ഉണ്ടാകില്ല. ഇത് ഏറ്റവും വേഗതയുള്ളതാണ്. ഒരു സെക്കന്റിൽ ശരീരം വിട്ടാൽ ഉടൻ പറക്കും, അടുത്ത ശരീരം തയ്യാറായിരിക്കും. ഡ്രാമ അനുസരിച്ച് സമയം പൂർത്തിയായാൽ അതിന് പോകണം. ഡ്രാമ എത്ര കൃത്യമാണ്. ഇതിൽ ഒരു കൃത്യതയില്ലായിമയും ഉണ്ടാകില്ല. ഇത് നിങ്ങൾക്ക് അറിയാം. ബാബയും ഡ്രാമ അനുസരിച്ച് കൃത്യ സമയത്താണ് വരുന്നത്. ഒരു സെക്കന്റിന്റെ വ്യത്യാസം പോലും ഉണ്ടാകില്ല. ഭഗവാനായ ബാബ ഇതിൽ ഉണ്ട് എന്ന് എങ്ങനെ അറിയാൻ സാധിക്കും. ജ്ഞാനം നൽകുമ്പോൾ, കുട്ടികളെ ഇരുത്തി മനസ്സിലാക്കിത്തരുമ്പോൾ മനസ്സിലാകും. ശിവരാത്രിയും ആഘോഷിക്കാറില്ലേ. ഞാൻ ശിവൻ എപ്പോൾ എങ്ങനെ വരുന്നു, അത് നിങ്ങൾക്ക് അറിയില്ല. ശിവരാത്രി, കൃഷ്ണരാത്രി ആഘോഷിക്കുന്നു. രാമന് ആഘോഷിക്കുന്നില്ല എന്തുകൊണ്ടെന്നാൽ വ്യത്യാസമുണ്ടല്ലോ. ശിവരാത്രിയോടൊപ്പം കൃഷ്ണരാത്രിയും ആഘോഷിക്കുന്നു. പക്ഷേ ഒന്നും അറിയുന്നില്ല. ഇവിടെ ആസുരീയ രാവണരാജ്യമാണ്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ഇത് ബാബയാണ്, വൃദ്ധരെ ബാബാ എന്നാണ് വിളിക്കുന്നത്. ചെറിയ കുട്ടിയെ ബാബാ എന്ന് വിളിക്കുമോ. ചിലർ സ്നേഹം കൊണ്ട് കുട്ടികളെ ബാബാ എന്ന് വിളിക്കാറുണ്ട്. അതിനാൽ അവരും കൃഷ്ണനെ സ്നേഹത്തോടെ വിളിച്ചതാണ്. മുതിർന്ന് കുട്ടികൾക്ക് ജന്മം നൽകുമ്പോഴാണ് ബാബാ എന്ന് വിളിക്കുന്നത്. കൃഷ്ണൻ സ്വയം രാജകുമാരനാണ് അവർക്ക് കുട്ടി എവിടെ നിന്നു വന്നു. ബാബ പറയുന്നുമുണ്ട് ഞാൻ വൃദ്ധ ശരീരത്തിലാണ് വരുന്നത്. ശാസ്ത്രങ്ങളിലുമുണ്ട് പക്ഷേ ശാസ്ത്രങ്ങളിലെ എല്ലാ

കാര്യവും കൃത്യമല്ല, ചില ചില കാര്യങ്ങൾ ശരിയാണ്. ബ്രഹ്മാവിന്റെ ആയുസ്സ് അർത്ഥം പ്രജാപിതാ ബ്രഹ്മാവിന്റെ ആയുസ്സ് എന്ന് പറയും. അവർ തീർച്ചയായും ഈ സമയത്താണ് ഉണ്ടാവുക. ബ്രഹ്മാവിന്റെ ആയുസ്സ് മൃത്യുലോകത്തിൽ അവസാനിക്കും. ഇത് അമരലോകമൊന്നുമല്ല. ഇതിനെ പുരുഷോത്തമ സംഗമയുഗം എന്നാണ് വിളിക്കുന്നത്. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലല്ലാതെ മറ്റാരുടേയും ബുദ്ധിയിൽ ഉണ്ടാവുക സാധ്യമല്ല.

ബാബ ഇരുന്ന് പറഞ്ഞുതരികയാണ്– മധുര മധുരമായ കുട്ടികളേ, നിങ്ങൾക്ക് നിങ്ങളുടെ ജന്മങ്ങളെ അറിയില്ല ഞാൻ പറഞ്ഞുതരികയാണ് നിങ്ങൾ 84 ജന്മങ്ങൾ എടുക്കുന്നുണ്ട്. എങ്ങനെ? അതും നിങ്ങൾക്ക് ഇപ്പോൾ മനസ്സിലായി. ഓരോ യുഗത്തിന്റേയും ആയുസ്സ് 1250 വർഷങ്ങളാണ് മാത്രമല്ല ഇത്ര ഇത്ര ജന്മങ്ങൾ എടുത്തിട്ടുണ്ട്. 84 ജന്മങ്ങളുടെ കണക്കല്ലേ. 84 ലക്ഷത്തിന് കണക്ക് ഉണ്ടാകില്ല. ഇതിനെയാണ് 84 ജന്മങ്ങളുടെ ചക്രം എന്നു പറയുന്നത്, 84 ലക്ഷമാണെങ്കിൽ കാര്യങ്ങളൊന്നും ഓർമ്മ വരില്ല. ഇവിടെ എത്ര അപരം അപാരമായ ദുഃഖമാണ്. ദുഃഖം നൽകുന്ന കുട്ടികൾ എത്ര ജനിച്ചുകൊണ്ടിരിക്കുന്നു. ഇതിനെയാണ് ഘോരനരകം എന്നു പറയുന്നത്, തീർത്തും മോശമായ ലോകമാണ്. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇപ്പോൾ നമ്മൾ പുതിയ ലോകത്തിലേയ്ക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയാണ്. പാപം മുറിഞ്ഞാൽ നമ്മൾ പുണ്യാത്മാക്കളായിത്തീരും. ഇപ്പോൾ ഒരു പാപവും ചെയ്യരുത്. പരസ്പരം കാമകഠാരി ഉപയോഗിക്കുക– ഇത് ആദി മദ്ധ്യ അന്ത്യം ദുഃഖം നൽകുന്നതാണ്. ഇപ്പോൾ ഈ രാവണ രാജ്യം പൂർത്തിയാവുകയാണ്. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്. ഈ മഹാഭാരതയുദ്ധമാണ് അന്തിമം. പിന്നീട് ഒരു യുദ്ധവും ഉണ്ടാവുകയില്ല. അവിടെ ഒരു യജ്ഞവും രചിക്കുകയില്ല. യജ്ഞം രചിക്കുമ്പോൾ അതിൽ ഹോമിക്കാറുണ്ട്. കുട്ടികൾ തന്റെ പഴയ വസ്തുക്കളെല്ലാം സ്വാഹായാക്കുന്നു. ഇപ്പോൾ ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇത് രുദ്രജ്ഞാന യജ്ഞമാണ്. രുദ്രൻ എന്ന് ശിവനെയാണ് പറയുന്നത്. രുദ്രമാല എന്ന് പറയാറില്ലേ. നിവൃത്തി മാർഗ്ഗത്തിലുള്ളവർക്ക് പ്രവൃത്തി മാർഗ്ഗത്തിലുള്ളവരുടെ ആചാര രീതികളെക്കുറിച്ച് ഒന്നും അറിയില്ല. അവർ വീട് ഉപേക്ഷിച്ച് കാട്ടിലേയ്ക്ക് പോകുന്നു. പേരുതന്നെ കൊടുത്തിട്ടുണ്ട് സന്യാസം എന്ന്. എന്തിന്റെ സന്യാസം? വീടിന്റെ. വെറുംകൈയ്യോടെയാണ് പോകുന്നത്. മുമ്പ് ഗുരുക്കന്മാർ ഒരുപാട് പരീക്ഷകൾ വെയ്ക്കുമായിരുന്നു, ഒരുപാട് ജോലി ചെയ്യിപ്പിക്കുമായിരുന്നു. മുമ്പ് ഭിക്ഷയായി ഗോതമ്പുമാവ് മാത്രമേ വാങ്ങുമായിരുന്നുള്ളു, പാകം ചെയ്ത ഭക്ഷണം സ്വീകരിക്കില്ലായിരുന്നു. കാട്ടിൽ കായ്–കനികൾ ലഭിക്കുമായിരുന്നു. ഇതിനെക്കുറിച്ചും പാട്ടുണ്ട്– സതോപ്രധാന സന്യാസമായിരുന്ന സമയത്താണ് ഇതെല്ലാം കഴിച്ചിരുന്നത്. ഇപ്പോഴത്തെ കാര്യമേ ചോദിക്കേണ്ട, എന്തെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിന്റെ പേരുതന്നെ വികാരീ ലോകം എന്നാണ്. അതാണ് നിർവ്വികാരി ലോകം. എങ്കിൽ സ്വയം തന്നെ വിശേഷമാണ് എന്ന് മനസ്സിലാക്കേണ്ടേ. ബാബ പറയുന്നു സത്യയുഗത്തെ ശിവാലയം, നിർവ്വികാരീ ലോകം എന്നാണ് വിളിക്കുന്നത്. ഇവിടെ എല്ലാവരും പതിതമായ മനുഷ്യരാണ് അതിനാൽ ദേവീ ദേവതകൾ എന്ന പേരുമാറ്റി ഹിന്ദുവെന്നാക്കി. ബാബയാണെങ്കിൽ എല്ലാകാര്യങ്ങളും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ യഥാർത്ഥത്തിൽ പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണ്. ബാബ നിങ്ങൾക്ക് 21 ജന്മങ്ങളുടെ സമ്പത്താണ് നൽകുന്നത്. അതിനാൽ ബാബ മധുര മധുരമായ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്– ജന്മ ജന്മാന്തരങ്ങളിലെ പാപം നിങ്ങളുടെ തലയിലുണ്ട്. പാപങ്ങളിൽ നിന്നും മുക്തമാകുന്നതിനുവേണ്ടിത്തന്നെയാണ് നിങ്ങൾ വിളിക്കുന്നത്. സാധു– സന്യാസിമാർ എല്ലാവരും വിളിക്കുന്നുണ്ട്– അല്ലയോ പതിതപാവനാ......... അർത്ഥം ഒന്നും മനസ്സിലാക്കുന്നില്ല, ഇങ്ങനെ പാടിക്കൊണ്ടേയിരിക്കുന്നു, കൈകൊട്ടിക്കൊണ്ടേയിരിക്കുന്നു. പരമാത്മാവുമായി എങ്ങനെ യോഗം വെയ്ക്കും? അവരെ എങ്ങനെ കണ്ടുമുട്ടും എന്ന് അവരോട് ചോദിക്കുകയാണെങ്കിൽ ഭഗവാൻ സർവ്വവ്യാപിയാണ് എന്ന് അവർ പറയും. എന്താ ഇങ്ങനെയാണോ വഴി പറഞ്ഞുതരിക! വേദ ശാസ്ത്രങ്ങൾ പഠിക്കുന്നതിലൂടെ ഭഗവാനെ ലഭിക്കും എന്നു പറയുന്നു. പക്ഷേ ബാബ പറയുന്നു– ഞാൻ ഓരോ 5000 വർഷങ്ങൾക്കും ശേഷമാണ് ഡ്രാമാ പ്ലാൻ അനുസരിച്ച് വരുന്നത്. ഈ ഡ്രാമയുടെ രഹസ്യം ബാബയ്ക്കല്ലാതെ മറ്റാർക്കും അറിയില്ല. ലക്ഷക്കണക്കിന് വർഷങ്ങളുള്ള ഡ്രാമ എന്നത് സാധ്യമേയല്ല. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു ഇത് 5000 വർഷത്തിന്റെ കാര്യമാണ്. കല്പം മുമ്പും ബാബ മന്മനാഭവ എന്ന് പറഞ്ഞിട്ടുണ്ട്. ഇതാണ് മഹാമന്ത്രം. മായയുടെ മേൽ വിജയം നേടുന്നതിനുള്ള മന്ത്രം. ബാബ തന്നെയാണ് ഇരുന്ന് അർത്ഥം പറഞ്ഞുതരുന്നത്. മറ്റാരും അർത്ഥം മനസ്സിലാക്കിത്തരില്ല. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരാളാണ് എന്ന് പാടാറുണ്ടല്ലോ. ഒരു മനുഷ്യനും ആവാൻ സാധിക്കില്ല. ദേവതകളുടേയും കാര്യമില്ല. അവിടെ സുഖം തന്നെ സുഖമാണ്, ദുഃഖത്തിന്റെ ഒരു കാര്യവുമില്ല. ഭക്തി ചെയ്യുന്നത് ഭഗവാനെ കാണുന്നതിനായാണ്. സത്യയുഗത്തിൽ ഭക്തിയുണ്ടാകില്ല കാരണം 21 ജന്മങ്ങളിലേയ്ക്ക് സമ്പത്ത് ലഭിച്ചിട്ടുണ്ട്. അതിനാലാണ് പാടുന്നത് ദുഃഖത്തിൽ എല്ലാവരും ഓർമ്മിക്കും......... ഇവിടെയാണെങ്കിൽ അളവറ്റ ദുഃഖമാണ്. ഓരോ നിമിഷവും ഭഗവാനേ ദയകാണിക്കൂ എന്ന് പറയുന്നു. ഈ കലിയുഗീ ദുഃഖത്തിന്റെ

ലോകം സദാ നിലനിൽക്കില്ല. സത്യയുഗവും കലിയുഗവും കഴിഞ്ഞുപോയി, ഇനി വീണ്ടും ഉണ്ടാകും. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യമാണെങ്കിൽ ഓർമ്മിക്കാൻ കഴിയില്ല. ഇപ്പോൾ ബാബ മുഴുവൻ ജ്ഞാനവും നൽകുന്നു, തന്റെ പരിചയവും നൽകുന്നു ഒപ്പം രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യവും കേൾപ്പിക്കുന്നു. 5000 വർഷത്തിന്റെ കാര്യമാണ്. നിങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ ഇത് വന്നു. ഇപ്പോൾ പരദേശത്താണ്. നിങ്ങൾക്ക് നിങ്ങളുടേതായ രാജ്യമുണ്ടായിരുന്നു. ഇവിടെയാണെങ്കിൽ യുദ്ധത്തിലൂടെയാണ് രാജ്യം നേടുന്നത്, ആയുധങ്ങളിലൂടെ, മരണം വിതച്ചാണ് രാജ്യം നേടുന്നത്. നിങ്ങൾ കുട്ടികൾ തന്റെ യോഗബലത്തിലൂടെയാണ് തന്റെ രാജ്യം സ്ഥാപിക്കുന്നത്. നിങ്ങൾക്ക് സതോപ്രധാനമായ രാജ്യം വേണം. പഴയ ലോകം അവസാനിച്ച് പുതിയ ലോകം ഉണ്ടാകുന്നു, ഇതിനെ കലിയുഗീ പഴയ ലോകം എന്നാണ് പറയുന്നത്. സത്യയുഗമാണ് പുതിയ ലോകം. ഇതും ആർക്കും അറിയില്ല. സന്യാസിമാർ പറയും ഇതു നിങ്ങളുടെ കല്പനയാണെന്ന്. സത്യയുഗം ഇവിടെയാണ്, കലിയുഗവും ഇവിടെത്തന്നെയാണ്. ഇപ്പോൾ ബാബ ഇരുന്നു മനസ്സിലാക്കിത്തരുകയാണ് ബാബയെ അറിയുന്ന ഒരാൾ പോലും ഇവിടെയില്ല. അഥവാ അറിയുന്ന ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ പരിചയം നൽകുമായിരുന്നു. സത്യ ത്രേതായുഗങ്ങൾ എന്താണ് എന്നത് ആരുടെയെങ്കിലും ബുദ്ധിയിൽ വരുന്നുണ്ടോ. നിങ്ങൾ കുട്ടികൾക്ക് അച്ഛൻ വളരെ നല്ലരീതിയിൽ മനസ്സിലാക്കിത്തരുന്നു. ബാബയ്ക്കാണ് എല്ലാം അറിയുന്നത്, എല്ലാം അറിയുന്നയാൾ അർത്ഥം നോളേജ്ഫുൾ. മനുഷ്യ സൃഷ്ടിയുടെ ബീജരൂപമാണ്. ജ്ഞാനസാഗരനും സുഖസാഗരനുമാണ്. അവരിൽ നിന്നാണ് നമുക്ക് സമ്പത്ത് ലഭിക്കുന്നത്. ബാബ ജ്ഞാനത്തിൽ തനിക്കുസമാനമാക്കി മാറ്റുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) ഇത് പാപങ്ങളിൽ നിന്ന് മുക്തമാകുന്നതിനുള്ള സമയമാണ് അതിനാൽ ഇപ്പോൾ ഒരു പാപവും ചെയ്യരുത്. പഴയ എല്ലാ സാധനങ്ങളും ഈ രുദ്രജ്ഞാനയജ്ഞത്തിൽ സ്വാഹാ ചെയ്യണം.

2) ഇപ്പോൾ വാനപ്രസ്ഥ അവസ്ഥയാണ് അതിനാൽ അച്ഛനേയും ടീച്ചറേയും ഓർമ്മിക്കുന്നതിനൊപ്പം സദ്ഗുരുവിനേയും ഓർമ്മിക്കണം. മധുരമായ വീട്ടിലേയ്ക്ക് പോകുന്നതിനായി ആത്മാവിനെ സതോപ്രധാന(പവിത്രം)മാക്കി മാറ്റണം.

## വരദാനം - തന്റെ സൂക്ഷ്മ ദുർബലതകളെക്കുറിച്ച് ചിന്തിച്ച് പരിവർത്തനപ്പെടുന്ന സ്വചിന്തകരായി ഭവിയ്ക്കട്ടെ.

കേവലം ജ്ഞാനത്തിന്റെ പോയിന്റുകൾ ആവർത്തിക്കുക, കേൾക്കുക, കേൾപ്പിക്കുക മാത്രമല്ല സ്വചിന്തനം. എന്നാൽ സ്വചിന്തനം അർത്ഥം തന്റെ സൂക്ഷ്മ ദുർബലതകളെ, തന്റെ ചെറിയ ചെറിയ തെറ്റുകളെ ചിന്തിച്ച് അതിനെ ഇല്ലാതാക്കുക, പരിവർത്തനപ്പെടുത്തുക - ഇതാണ് സ്വചിന്തകരായി മാറുക. എല്ലാ കുട്ടികളും ജ്ഞാന മനനം വളരെ നല്ല രീതിയിൽ ചെയ്യുന്നുണ്ട്. എന്നാൽ ജ്ഞാനത്തെ സ്വയത്തെ പ്രതി ഉപയോഗിച്ച് ധാരണാ സ്വരൂപരായി മാറുക, സ്വയത്തെ പരിവർത്തനപ്പെടുത്തുക, ഇതിന്റെ തന്നെ മാർക്കാണ് ഫൈനൽ റിസൾട്ടിൽ ലഭിക്കുക.

## സ്ലോഗൻ - ഓരോ സമയത്തും ചെയ്യുന്നവനും -ചെയ്യിപ്പിക്കുന്നവനുമായ ബാബയുടെ ഓർമ്മയിലിരിക്കണം, എന്നാൽ ഞാൻ എന്നതിന്റെ അഹങ്കാരം ഉണ്ടാവുകയില്ല.